# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/82/2017 പത്രക്കുറിപ്പ് 2017 ഏപ്രിൽ 20

**പരീക്ഷാതീയതി**

ഒന്നാം സെമസ്റ്റർ ബി. വോക് (2016 അഡ്മിഷൻ റഗുലർ & 2014, 2015 അഡ്മിഷൻ റീ അപ്പിയറൻസ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ മെയ് 5 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 25 വരെയും 50 രൂപ പിഴയോടെ 26 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 28 വരെയും സ്വീകരിക്കും.

നാലാം സെമസ്റ്റർ എം.എച്ച്.ആർ.എം (പുതിയ സ്കീം-2015 അഡ്മിഷൻ റഗുലർ/2015 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ മെയ് 17 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മെയ് 2 വരെയും 50 രൂപ പിഴയോടെ 3 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 5 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 150 രൂപയും വീണ്ടുമെഴുതുന്നവർ ഒരു പേപ്പറിനു 30 രൂപ വീതവും (പരമാവധി 150) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കേണ്ടതാണ്. റഗുലർ വിദ്യാർത്ഥികൾ 100 രൂപ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീസായും അടക്കേണ്ടതാണ്.

ഒന്നാം സെമസ്റ്റർ ബി.പി.ഇ (2016 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷ ഏപ്രിൽ 28 നും രണ്ടാം സെമസ്റ്റർ ബി.പി.ഇ (2016 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾ മെയ് 3 മുതലും നടത്തും.

**പരീക്ഷാഫലം**

2017 ജനുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ എൽ.എൽ.ബി (ത്രിവത്സര - റഗുലർ & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മെയ് 5 വരെ സ്വീകരിക്കും.

സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസ് 2016 ഓഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ എഡ്യൂക്കേഷൻ (സി.എസ്.എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. ടെക്സ്റ്റൈൽസ് & ഫാഷൻ (പി. ജി. സി. എസ്. എസ്-റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മെയ് 5 വരെ സ്വീകരിക്കും.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഇലക്ട്രോണിക്സ് (പി. ജി. സി. എസ്. എസ്-റഗുലർ/ബെറ്റർമെന്റ്/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മെയ് 5 വരെ സ്വീകരിക്കും.

2016 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്‌സി. ഇലക്ട്രോണിക്സ് (നോൺ സി. എസ്. എസ് സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ മെയ് 5 വരെ സ്വീകരിക്കും.

**സിൻഡിക്കേറ്റ് യോഗം**

മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം ഏപ്രിൽ 29 രാവിലെ 10.30 ന് സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടത്തും.

**യു.ജി.സി. - നെറ്റ് / ജെ.ആർ.എഫ് പരീക്ഷാ പരിശീലനം**

യു.ജി.സി. നടത്തുന്ന മാനവിക വിഷയങ്ങൾക്കുള്ള നെറ്റ്/ജെ.ആർ.എഫ്. പരീക്ഷയുടെ ജനറൽ പേപ്പറിന് വേണ്ടിയുള്ള പരിശീലനം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഉടൻ ആരംഭിക്കുന്നു. യൂണിവേഴ്സിറ്റി ക്യാമ്പസിൽ വച്ച് നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ കോഴ്സ് ഫീസായ 2000/- രൂപയടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ/വികലാംഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 50% ഫീസിളവ് ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ : 0481 2731025.

**എൽ.എൽ.എം ഓഫ് കാമ്പസ് പരിക്ഷ**

സൗത്ത് കൽക്കത്ത ലോകോളേജ് കേന്ദ്രത്തിലെ 2017 ഏപ്രിൽ/മെയ് മാസങ്ങളിലെ ഓഫ് കാമ്പസ് എൽ.എൽ.എം പരീക്ഷകൾ കേരളത്തിലെ പരീക്ഷാകേന്ദ്രത്തിൽ വച്ച് നടത്തും.

**പി.എച്ച്.ഡി അഭിരുചി പരീക്ഷ**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ 2017 ൽ പി. എച്ച്. ഡി രജിസ്ട്രേഷന് മുന്നോടിയായുള്ള അഭിരുചി നിർണ്ണയപരീക്ഷയ്ക്ക് ഓൺലൈനായി മെയ് 15 വരെ അപേക്ഷ സ്വീകരിക്കും. ഏതെങ്കിലും വിഷയത്തിൽ 55 ശതമാനം മാർക്കോടെ (എസ്.സി/എസ്.ടി വിഭാഗത്തിന് 50 ശതമാനം) അംഗീകൃത ബിരുദാനന്തര ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. അപേക്ഷാഫീസ് 1000 രൂപ (എസ്.സി/എസ്.ടി - 500/-). ഫീസ് ഓൺലൈനായി അടയ്ക്കേണ്ടതാണ്. ഓൺലൈൻ അപേക്ഷകൾക്കും, പരീക്ഷാഷെഡ്യൂളിനും, വിശദവിവരങ്ങൾക്കും www.phd.mgu.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ : 0481 2732947, ഇ മെയിൽ : wat.eb10@mgu.ac.in

**പഠനവൈകല്യം : എം.ജി യിൽ ഏകദിന സെമിനാർ**

കുട്ടികളിലെ പഠന വൈകല്യം തിരിച്ചറിയുന്നതിനും പരിഹാരബോധനം നടത്തുന്നതിനുമായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകർ, രക്ഷിതാക്കൾ, സന്നദ്ധപ്രവർത്തകർ എന്നിവർക്കായി മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഏപ്രിൽ 29 ന് ഏകദിന സെമിനാർ നടത്തുന്നു.

സർവ്വകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ് ലേണിങ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസ്, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് സെമിനാർ സംഘടിപ്പിച്ചിട്ടുള്ളത്. ഫോൺ : 9544981839, 8304887715.

**ശില്പശാല**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആൻഡ് ഡെവലപ്മെന്റ് സ്റ്റഡീസും ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേണിംഗ് ആൻഡ് എക്സ്റ്റെൻഷനും സംയുക്തമായി കോട്ടയം സിനെർജിയുമായി സഹകരിച്ചുകൊണ്ട് ഏപ്രിൽ 26, 27 തീയ്യതികളിൽ ടി.സി.ഐ ശില്പശാല നടത്തുന്നു. ‘‘ ഐശ്വര്യത്തോടെ പ്രായമാകാം, അർത്ഥവത്തായി ജീവിക്കാം ’’ എന്നതാണ് വിഷയം. ശില്പശാല നയിക്കുന്നത് ഡോ : തോമസ് എബ്രഹാം. 50 വയസ്സിനു മുകളിൽ പ്രായമുള്ളവർക്ക് പങ്കെടുക്കാം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്ക് പ്രവേശനം ലഭിക്കും. വിവരങ്ങൾക്ക് ഫോൺ : 9447887321.

**എം.ജി. ഓൺലൈൻ സേവനങ്ങൾക്ക് മുടക്കം**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സർവറും കണക്റ്റിവിറ്റിയും പുതിയ ഡാറ്റാസെന്ററിലേയ്ക്കു മാറ്റുന്നതിനാൽ ഏപ്രിൽ 22, 23 തീയതികളിൽ സർവ്വകലാശാലാ വെബ്ബ്സൈറ്റ്/ഓൺലൈൻ സേവനങ്ങൾ ലഭ്യമാകുന്നതല്ല.

**ഊർജ്ജോത്പാദനം : നൂതന ക ുപിടുത്തവുമായി എം. ജി ഗവേഷകർ**

ഊർജ്ജ പ്രതിസന്ധിയും പാരിസ്ഥിതിക പ്രശ്നങ്ങളും വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ പ്രകൃതിസൗഹൃദവും ചൂഷണ വിമുക്തവുമായ ഊർജ്ജോത്പാദന മാർഗ്ഗങ്ങൾ കണ്ടെത്തുകയും അത് നിലനിർത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടത് അത്യന്താപേക്ഷിതവുമാണ്. ഈ സാഹചര്യത്തിൽ ചെലവു കുറഞ്ഞതും പാരിസ്ഥിതിക സൗഹൃദവുമായ വ്യത്യസ്ത തരത്തിലുള്ള ‘ഫ്യൂവൽ സെല്ലുകൾ’ വളരെ പ്രാധാന്യം അർഹിക്കുന്നു.

ഫ്യുവൽ സെല്ലുകൾ ഒരു സാധാരണ ബാറ്ററിയുടെ രീതയിൽ തന്നെ പ്രവർത്തിക്കുന്നതാണെങ്കിലും സാധാരണ ബാറ്ററിയെ പോലെ ഇടയ്ക്കിടെ റീചാർജ്ജ് ചെയേണ്ടതില്ല. ഫ്യുവൽ സെല്ലിൽ തുടക്കത്തിൽ നൽകുന്ന ഫ്യുവൽ തീരുന്നതുവരെ പ്രവർത്തന മാന്ദ്യം ഉണ്ടാകുന്നില്ല. ഫ്യുവൽ സെല്ലിൽ പ്രധാനമായും രണ്ട് ഇലക്ട്രോഡുകൾ ആണുള്ളത്. ഒരു പോസറ്റീവ് ഇലക്ട്രോഡ് (ആനോഡ്), ഒരു നെഗറ്റീവ് ഇലക്ട്രോഡ് (കാഥോഡ്). ഇത് ഇലക്ട്രോലൈറ്റുകളുടെ രണ്ട് വശങ്ങളിൽ ചേർത്തുവയ്ക്കുന്നു. ആനോഡിൽ നൽകുന്ന ഹൈഡ്രജൻ ഫ്യുവൽ വിഘടിച്ച് പ്രോട്ടോണും ഇലക്ട്രോണും ആയി മാറുന്നു. ഇതിൽ പ്രോട്ടോണുകൾ ഇലക്ട്രോലൈറ്റിലൂടെ സഞ്ചരിച്ച് കാഥോഡിലുള്ള ഓക്സിജൻ തന്മാത്രകളുമായി ചേർന്ന് ജലം ഉണ്ടാവുകയും അതേ സമയം ഇലക്ട്രോണുകൾ ഇലക്ട്രോലൈറ്റിനു വെളിയിൽക്കൂടെയുള്ള സഞ്ചാരപാതയിൽ സഞ്ചരിക്കുന്നതു മൂലം ആവശ്യമായ വൈദ്യുതി ഉത്പാദിപ്പിക്കപ്പെടുകയും ചെയ്യുന്നു. ഈ പ്രവർത്തനങ്ങളുടെ ഉപഉൽപന്നങ്ങളായി ജലവും താപവും ലഭിക്കുന്നു. എന്നാൽ ആഗോള പരിസ്ഥിതിക്ക് ഇന്ന് ഭീഷണിയാകുന്ന കാർബൺ ഡൈ ഓക്സൈഡ്, കാർബൺ മോണോക്സൈഡ്, മീഥൈൻ എന്നീ ഹരിത വാതകങ്ങൾ ഇവിടെ ഉണ്ടാകുന്നില്ല എന്നതാണ് പ്രത്യേകത.

ഫ്യുവൽ സെല്ലിന്റെ പ്രവർത്തന രീതികളിൽ കാഥോഡിൽ ഉണ്ടാകുന്ന ‘ഓക്സിജൻ റിഡക്ഷൻ’ പ്രവർത്തനം വളരെ പ്രധാനപ്പെട്ടതാണ്. കാഥോഡിലെ ഈ പ്രവർത്തനം വളരെ ത്വരിതരീതിയിൽ നടക്കേണ്ടതാണ്. ആയതിനാൽ പ്ലാറ്റിനം ഇലക്ട്രോഡാണ് ഉപയോഗിക്കാറുള്ളത്. എന്നാൽ പ്ലാറ്റിനം ഇലക്ട്രോഡുകൾ വിലപിടിപ്പുള്ളതും ലഭിക്കുവാൻ പ്രയാസമുള്ളതുമാണ്. ഇതിന്റെ ദൗർലഭ്യം, ഉയർന്ന വില, ഈടുനിൽക്കുന്ന

കാലയളവ് ഇവയാണ് വ്യാപക ഉപയോഗത്തിനുള്ള വിലങ്ങുതടികൾ. അതിനാൽ ലോകമെമ്പാടും പരിസ്ഥിതി സൗഹൃദവും വർദ്ധിച്ച ഉപയോഗ ക്ഷമതയും നീണ്ടനാൾ നിലനിൽക്കുന്നതും ചെലവുകുറഞ്ഞതും പ്ലാറ്റിനത്തിന് പകരം വയ്ക്കാവുന്നതുമായ പദാർത്ഥം കണ്ടെത്തുന്നതിനുള്ള പരീക്ഷണങ്ങൾ നടന്നുവരികയാണ്. ഈയൊരു വെല്ലുവിളി മഹാത്മാഗാന്ധി സർവ്വകലാശാലാ ഏറ്റെടുക്കുകയും ബോറോൺ അടങ്ങിയിട്ടുള്ള ഗ്രാഫീൻ ഷീറ്റുകളിലേക്ക് സിൽവർ നാനോവയർ കൂട്ടിചേർത്ത പ്ലാറ്റിനത്തിന് പകരം കാഥോഡ് ഇലക്ട്രോഡായി ഉപയോഗിക്കാമെന്ന് കണ്ടെത്തി. ഗ്രാഫീൻ ഷീറ്റുകൾ വളരെ നേർത്തതും ഇന്ന് കണ്ടുപിടിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും കരുത്തുള്ളതുമാണ്. വികസിപ്പിച്ചെടുത്ത ഈ ഇലക്ട്രോഡ് സാധാരണ വ്യാവസായികമായി ഉപയോഗിക്കുന്ന പ്ലാറ്റിനം ഇലക്ട്രോഡുകളേക്കാൾ വളരെ വേഗത്തിലും കൃത്യതയിലും ഓക്സിജൻ റിഡക്ഷൻ പ്രവർത്തനം നടത്തുന്നതായി കണ്ടു. ഇത് പ്ലാറ്റിനം ഇലക്ട്രോഡുകളേക്കാൾ പതിന്മടങ്ങ് ചെലവുകുറവുള്ളതും ഒരു സാധാരണ ഗവേഷണ ലബോറട്ടറിയിൽ വികസിപ്പിച്ചെടുക്കാവുന്നതുമാണ്. ഈ ഇലക്ട്രോഡ് പദാർത്ഥം സമീപഭാവിയിൽ ഫ്യുവൽ സെല്ലിൽ വിപ്ലവം സൃഷ്ടിക്കുമെന്നതിന് യാതൊരു സംശയവുമില്ല.

പ്രസ്തുത ഗവേഷണ ഫലം നേച്ചറിന്റെ ' സയന്റിഫിക് റിപോർട്ട്സ് ' ജേർണലിൽ പ്രസിദ്ധികരിച്ചിരുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ നാനോ സയൻസ് സെന്ററിലെ (IIUCNN) ഗവേഷണ വിദ്യാർത്ഥിനിയായ അഞ്ജു. കെ. നായരുടെ ഈ ഗവേഷണത്തിന് നേതൃത്വം നൽകിയത് ഈ ഡിപാർട്ട്മെന്റിലെ പ്രൊഫസർമാരായ പ്രൊഫ : സാബു തോമസും പ്രൊഫ : നന്ദകുമാർ കളരിക്കലുമാണ്. ഈ സംരംഭത്തിൽ ഡോ : സുബ്ബയ അൽവരപ്പൻ (സി.എസ്.ഐ.ആർ - സെൻട്രൽ ഇലക്ട്രോ കെമിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് - തമിഴ്നാട്), പ്രൊഫ : രാഗേഷ്. കെ. ജോഷി (യൂണിവേഴ്സിറ്റി ഓഫ് ന്യൂ സൗത്ത് വെയിൽസ് സിഡ്നി - ഓസ്ട്രേലിയ), ഡോ : കല. എം. എസ് (സെന്റ് തെരേസാസ് കോളേജ് - എറണാകുളം) എന്നിവരുടെ സംയുക്ത മേൽനോട്ടവും ഉണ്ടായിരുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**